(ബി) എത്ര സി.പി.ഐ. (എം) പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്യുകയുണ്ടായി ; റിമാന്റ് ചെയ്യപ്പെട്ടവർ എത്ര ;

(സി) സി.പി.ഐ.(എം) പ്രവർത്തകർക്കെതിരെ നിലവിൽ അന്വേഷണത്തിലിരിക്കുന്ന കേസ്സുകൾ എത്ര ; കുറ്റപത്രം നൽകിയിട്ടുള്ളത് എത്ര ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സമരം ചെയ്തതിനെ തുടർന്നുള്ള നിയമ ലംഘനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 1,38,589 സി.പി.ഐ.(എം.) പ്രവർത്തകർക്കെതിരെ പോലീസ് കേസ് എടുക്കുകയുണ്ടായിട്ടുണ്ട്.

(ബി) ഇതിൽ 27,192 സി.പി.ഐ.(എം.) പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്യുകയും, 1193 പേരെ റിമാന്റ് ചെയ്യുകയുമുണ്ടായി.

(സി) സി.പി.ഐ.(എം.) പ്രവർത്തകർക്കെതിരെ നിലവിൽ 89 കേസ്സുകൾ അന്വേഷണത്തിലുണ്ട്. 2,251 കേസ്സുകളിൽ കുറ്റപത്രം നൽകിയിട്ടുണ്ട്.

ആർ.എസ്.എസ്. ആക്രമണം

229 (237) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 ൽ സി.പി.ഐ.(എം) സ്ഥാപനങ്ങൾക്കും, പ്രവർത്തകർക്കും, ഗ്രന്ഥാലയങ്ങൾക്കും സാംസ്കാരിക സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്കും എതിരെ സംസ്ഥാനത്ത് ആർ.എസ്.എസ്. - ബി.ജെ.പി. പ്രവർത്തകർ നടത്തിയ ആക്രമണ സംഭവങ്ങളിൽ പോലീസ് രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്രയാണ് ;

(ബി) ഇക്കാലയളവിലുണ്ടായ സംഭവങ്ങളിലെല്ലാംകൂടി ആർ.എസ്.എസ്. - ബി.ജെ.പി. പ്രവർത്തകർക്കെതിരെ രജിസ്റ്റർ ചെയ്ത കേസ്സുകളിലെ പ്രതികൾ എത്ര ; ഇതിൽ എത്ര പേർ ഇനിയും അറസ്റ്റ് ചെയ്യപ്പെടാൻ ബാക്കി നിൽപുണ്ട് ; ഇതിൽ ശിക്ഷിക്കപ്പെട്ടവർ എത്ര ?

ഉത്തരം

(എ) 2015-ൽ സംസ്ഥാനത്ത് സി.പി.ഐ.(എം.) സ്ഥാപനങ്ങൾക്കും പ്രവർത്തകർക്കും ഗ്രന്ഥാലയങ്ങൾക്കും സാംസ്കാരിക സ്ഥാപനങ്ങൾ തുടങ്ങിയവയക്കും എതിരെ ആർ.എസ്.എസ്. - ബി.ജെ.പി. പ്രവർത്തകർ നടത്തിയ ആക്രമണ സംഭവങ്ങളിൽ 299 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കാലയളവിലുണ്ടായ സംഭവങ്ങളിലെല്ലാം കൂടി 1933 ആർ.എസ്.എസ്.-ബി.ജെ.പി. പ്രവർത്തകരെ പ്രതികളാക്കി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 713 പേരെ ഇനിയും അറസ്റ്റു ചെയ്യാനുണ്ട്. 5 പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്.

എം.എൽ.എ.യ്ക്ക് എതിരെയുള്ള കേസ്

230 (238) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. കുഞ്ഞമ്മത് മാസ്റ്റർ എം.എൽ.എ. എന്ന പേരിലോ കെ. കുഞ്ഞമ്മത് മാസ്റ്റർ S/o ഇബ്രായി, കുറുങ്ങോട്ട് വീട്, മേഞ്ഞാണ്യം പി.ഒ., പേരാമ്പ്ര എന്ന പേരിലോ ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ എന്തെങ്കിലും കേസ് നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് സ്റ്റേഷനിലാണ് കേസ് നിലവിലുള്ളതെന്നും എന്തുകുറ്റത്തിന് ഏതെല്ലാം വകുപ്പ് ചേർത്താണ് കേസെടുത്തതെന്നും വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഒരു കേസ് നിലവിലുണ്ട്.

(ബി) വടകര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 488/12 u/s 143, 147, 145, 283 r/w 149 IPC & 117(E) of KP Act ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ് ബഹുമാനപ്പെട്ട കോടതിയിൽ വിചാരണാവസ്ഥയിലാണ്.

ബാർ ലൈസൻസ് കോഴ

231 (239) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പ് മന്ത്രിക്കെതിരെ ബാർ ലൈസൻസ് കോഴയുമായി ബന്ധപ്പെട്ട് പുറത്തുവന്ന പുതിയ തെളിവുകളുടെയും വെളിപ്പെടുത്തലുകളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ ക്വിക് വെരിഫിക്കേഷൻ നടത്തി എഫ്.ഐ.ആർ. ഇടാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ;

(ബി) ഇക്കാര്യത്തിൽ വിജിലൻസ് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly